"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - സംസ്ഥാന മിഷനിൽ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് സൃഷ്ടിച്ച അസിസ്റ്റന്റ് പബ്ലിക് റിലേഷൻസ് ഓഫിസർ തസ്തികയുടെ വേതനം അനുവദിക്കുന്നതിനുള്ള ശീർഷകം നിശ്ചയിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.250/2026/LSGD തീയതി,തിരുവനന്തപുരം, 31-01-2026

---

പരാമർശം:-
1. 16.06.2025-ലെ സ.ഉ.(സാധാ)നം.1469/2025/ തസ്വഭവ
2. 17.01.2026-ലെ സ.ഉ.(സാധാ)നം.150/2026/തസ്വഭവ
3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 20/01/2026-ലെ 2805/E1/2024/KSHO നമ്പർ കത്ത്.

**ഉത്തരവ്**

കുടുംബശ്രീ സംസ്ഥാന മിഷനിൽ ഒരു അസിസ്റ്റന്റ് പബ്ലിക് റിലേഷൻസ് ഓഫിസർ തസ്തിക കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് സൃഷ്ടിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. പരാമർശം (2) പ്രകാരം ടി തസ്തികയുടെ വേതനം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ടി തസ്തികയുടെ വേതനം കുടുംബശ്രീ സംസ്ഥാന പ്ലാൻ ഫണ്ടിലെ (2515-00-102-29-00-00-00-P-V) ഓഫീസ് ആന്റ് അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് പരാമർശം (3) കത്ത് പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ അനുമതി തേടിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുടുംബശ്രീ സംസ്ഥാന മിഷനിൽ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് സൃഷ്ടിച്ച അസിസ്റ്റന്റ് പബ്ലിക് റിലേഷൻസ് ഓഫിസർ തസ്തികയുടെ പരാമർശം (2) പ്രകാരം നിശ്ചയിച്ച വേതനം കുടുംബശ്രീ സംസ്ഥാന പ്ലാൻ ഫണ്ടിലെ 2515-00-102-29-00-00-00-P-V ഓഫീസ് ആന്റ് അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് എന്ന ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ)കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ആഡിറ്റ് വകുപ്പ്
ധനകാര്യ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര - പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/354/2024-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
Date: 31-01-2026 16:37:34

സെക്ഷൻ ഓഫീസർ